2026
JUNE
01
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യ–കാനഡ വ്യാപാരനിക്ഷേപ ഫോറത്തിന് തുടക്കം



**ന്യൂഡൽഹി:** കാനഡയിലെയും ഇന്ത്യയിലെയും വ്യാപാര മേഖലയിലെ നേതാക്കളെ ഒന്നിപ്പിക്കാനും പുതിയ വാണിജ്യ പങ്കാളിത്തങ്ങളും ഉയർന്ന വ്യാപാര ഇടപെടലുകളും വളർത്താനും ലക്ഷ്യമിട്ട് ഇന്ത്യ-കാനഡ വ്യാപാര നിക്ഷേപ ഫോറത്തിന് തുടക്കം കുറിച്ചു. ഉഭയകക്ഷി വ്യാപാരനിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്താനും കാനഡയിലെയും ഇന്ത്യയിലെയും വ്യാപാരസംരംഭങ്ങൾക്ക് സാമ്പത്തിക വളർച്ചയും ഉയർന്ന അവസരങ്ങളും നൽകുന്ന ഫലങ്ങൾ കൈവരിക്കാനും ചർച്ചയിൽ ഇന്ത്യയുടെയും കാനഡയുടെയും മന്ത്രിമാരായ മാനീന്ദർ സിദ്ധുവും പീയുഷ് ഗോയലും ആവർത്തിച്ചു വ്യക്തമാക്കി.

ഹരിതോർജം, നിർണായക ധാതുക്കൾ, അഗ്രിഫുഡ്, അത്യാധുനിക ഉൽപ്പാദനം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, നൈപുണ്യ വികസനം തുടങ്ങി പരസ്പര പൂരക മേഖലകളിൽ സഹകരണം ആഴത്തിലാക്കുന്നതിലെ അവസരങ്ങൾ കാനഡ ഇന്റർനാഷണൽ ട്രേഡ് മന്ത്രി മാനിന്ദർ സിദ്ധു വ്യക്തമാക്കി. ഇരു രാജ്യങ്ങൾക്കും പ്രയോജനകരമായ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറുമായി മുന്നോട്ട് പോകണമെന്ന് ആവർത്തിച്ച് ഇരുമന്ത്രിമാരും ഈ വർഷാവസാനത്തോടെ ചർച്ചകൾ പൂർത്തിയാക്കുകയെന്ന ലക്ഷ്യം വ്യക്തമാക്കി. വിപണി പ്രവേശനം വ്യാപിപ്പിക്കുന്നതിലും ശക്തമായ വിതരണ ശൃംഖലകളെ പിന്തുണയ്ക്കുന്നതിലും ഇരുപക്ഷത്തിന്റെയും സാമ്പത്തിക വളർച്ച സാധ്യമാക്കുന്നതിലും സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിന്റെ പ്രാധാന്യം ഇരുവരും എടുത്തുപറഞ്ഞു.

വിപുലീകരിച്ച വ്യാപാരത്തിന്റെയും നിക്ഷേപത്തിന്റെയും അത്യന്താപേക്ഷിതമായ ചാലകശക്തികളെന്ന നിലയിൽ ജനങ്ങൾ തമ്മിലുള്ള ബന്ധം, വ്യാപാര ഗതാഗത സൗകര്യങ്ങൾ, നേരിട്ടുള്ള വാണിജ്യ സമ്പർക്കങ്ങൾ എന്നിവ ഉൾപ്പെടെ ഇന്ത്യയും കാനഡയും തമ്മിലെ ബന്ധം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും മന്ത്രിമാർ എടുത്തുപറഞ്ഞു. ഈ വർഷാവസാനത്തോടെ കാനഡ ഇന്ത്യയിലേക്ക് 'ടീം കാനഡ വ്യാപാര ദൗത്യം' നയിക്കുമെന്ന് മന്ത്രി സിദ്ധു വ്യക്തമാക്കി.

## ആർബിഐയും സ്റ്റേറ്റ് ബാങ്ക് ഓഫ് വിയറ്റ്നാമും ധാരണാപത്രം ഒപ്പുവെച്ചു

**ന്യൂഡൽഹി:** സാമ്പത്തിക നവീകരണം, ഡിജിറ്റൽ പേയ്മെന്റുകൾ എന്നിവയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സ്റ്റേറ്റ് ബാങ്ക് ഓഫ് വിയറ്റ്നാമും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ആർബിഐ ഡെപ്യൂട്ടി ഗവർണറും സ്റ്റേറ്റ് ബാങ്ക് ഓഫ് വിയറ്റ്നാം ഡെപ്യൂട്ടി ഗവർണറുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

വിവരങ്ങൾ പങ്കിടൽ, നിയന്ത്രണ ഏകോപനം, അതിർത്തി കടന്നുള്ള ക്യൂആർ കോഡ് അധിഷ്ഠിത വ്യാപാര പേയ്മെന്റുകൾക്കായുള്ള പേയ്മെന്റ് സംവിധാനങ്ങളുടെ കണക്റ്റിവിറ്റി എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാമ്പത്തിക നവീകരണം, ഡിജിറ്റൽ പേയ്മെന്റുകൾ തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ളതും സുപ്രധാനവുമായ ഒരു ചുവടുവെയ്പ്പാണ് ഈ ധാരണാപത്രം അടയാളപ്പെടുത്തുന്നത്. അതിർത്തി കടന്നുള്ള പേയ്മെന്റ് ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇന്ത്യയെ ഒരു പ്രമുഖ ഫിൻടെക് കേന്ദ്രമായി ഉയർത്തിക്കൊണ്ടുവരുന്നതിനും ഇത് സഹായകമാകും. ഇരുരാജ്യങ്ങളും തമ്മിൽ അതിർത്തി കടന്നുള്ള പണമിടപാടുകൾ സാധ്യമാക്കുന്നതിനായി ക്യൂആർ കോഡ് അടിസ്ഥാനമാക്കിയുള്ള വ്യാപാര പേയ്മെന്റുകൾക്കായി പേയ്മെന്റ് സംവിധാനങ്ങളുടെ കണക്റ്റിവിറ്റി വികസിപ്പിക്കുന്നത് ഉൾപ്പെടെയുള്ള സംയുക്ത നവീകരണ, ഡിജിറ്റൽ പേയ്മെന്റ് പദ്ധതികളും പരിപാടികളും സുഗമമാക്കിക്കൊണ്ട് സാമ്പത്തിക നവീകരണങ്ങളുടേയും ഡിജിറ്റൽ പേയ്മെന്റുകളുടേയും മേഖലകളിൽ സഹകരണം കൂടുതൽ ആഴത്തിലാക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സ്റ്റേറ്റ് ബാങ്ക് ഓഫ് വിയറ്റ്നാമും ലക്ഷ്യമിടുന്നു. സാമ്പത്തിക നവീകരണം, ഡിജിറ്റൽ പേയ്മെന്റുകൾ എന്നീ മേഖലകളിലെ സഹകരണം ലക്ഷ്യമിട്ടുള്ള ആർബിഐയും സ്റ്റേറ്റ് ബാങ്ക് ഓഫ് വിയറ്റ്നാമും തമ്മിലുള്ള ഒരു താത്പര്യ പത്രമാണ് ഈ ധാരണാപത്രം. ഇരു കക്ഷികളേയും നിയന്ത്രിക്കുന്ന ബാധകമായ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും അനുവദിക്കുന്ന പരിധി വരെ, സഹകരണം, വിവരങ്ങൾ കൈമാറ്റം, നടപ്പാക്കൽ പിന്തുണ എന്നിവയ്ക്കായുള്ള വിശാലമായ ഒരു പൊതു ചട്ടക്കൂട് ഒരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഉയർന്നുവരുന്ന വിപണി പ്രവണതകളേയും വികസനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ പങ്കിടൽ, ഡിജിറ്റൽ പേയ്മെന്റുകളിലേയും നൂതന സാങ്കേതികവിദ്യകളിലേയും മാനദണ്ഡങ്ങളും മികച്ച രീതികളും, നവീകരണങ്ങളുമായി ബന്ധപ്പെട്ട നിയന്ത്രണ ചട്ടക്കൂടുകൾ, സാമ്പത്തിക സേവനങ്ങളിലെ ഡിജിറ്റൽ പേയ്മെന്റുകളുടെ വികസനവും മേൽനോട്ടവും എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഈ ധാരണാപത്രത്തിന് കീഴിലുള്ള സഹകരണത്തിന്റെ പരിധിയിൽ വരുന്നു. ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള അതിർത്തി കടന്നുള്ള ക്യൂആർ കോഡ് അധിഷ്ഠിത വ്യാപാര പേയ്മെന്റുകൾക്കായുള്ള പേയ്മെന്റ് സംവിധാനങ്ങളുടെ കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള സാധ്യമായ സംയുക്ത പരിപാടികൾക്കും പദ്ധതികൾക്കും ഈ ധാരണാപത്രം വ്യവസ്ഥ ചെയ്യുന്നു.

ഇരുരാജ്യങ്ങളും തമ്മിലുള്ള അതിർത്തി കടന്നുള്ള പണമിടപാടുകൾ കൈകാര്യം ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കുകയും, ഈ പണമിടപാടുകൾ സുതാര്യവും (നിരക്കുകൾ മുൻകൂട്ടി കാണിക്കൽ), സൗകര്യപ്രദവും, തത്സമയ അടിസ്ഥാനത്തിലുള്ളതും, ചെലവ് കുറഞ്ഞതുമാക്കാനും ഈ ധാരണാപത്രം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഇന്ത്യയിലെ ബിസിനസ്സുകൾക്ക് കൂടുതൽ കയറ്റുമതി അവസരങ്ങൾ നല്കുന്നതിനായി ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരവും ടൂറിസവും ഇത് സുഗമമാക്കുകയും ചെയ്യുന്നു.

## 38 വിമാനത്താവളങ്ങളിലായി 10 കോടി പിന്നിട്ട് ഡിജി യാത്ര ഉപയോഗം

**തിരുവനന്തപുരം:** ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ വികസനത്തിലെ സുപ്രധാന നാഴികക്കല്ല് പിന്നിട്ട് ഡിജി യാത്ര ആപ്പ്. ഐഒഎസ്, ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിലായി 2.4 കോടിയിലധികം ഡൗൺലോഡുകളുമായി 10 കോടിയിലധികം സുഗമമായ യാത്രകളാണ് ഡിജിയാത്ര സംവിധാനത്തിലൂടെ സാധ്യമാക്കിയത്. രേഖകളുടെ പരമ്പരാഗത പരിശോധനയ്ക്ക് പകരമായി രൂപകൽപ്പന ചെയ്ത ഈ സംവിധാനം വിമാനത്താവളത്തിലെ പ്രവേശന സമയം ഒരു യാത്രക്കാരന് ശരാശരി 15 സെക്കൻഡിൽ നിന്ന് വെറും 5 സെക്കൻഡായി കുറച്ചു. വേഗമേറിയ ഈ പ്രക്രിയ ടെർമിനലിലെ അടിസ്ഥാന സൗകര്യങ്ങളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താനും തിരക്ക് കുറയ്ക്കാനും പരമ്പരാഗത രീതികളുടെ അധികച്ചെലവുകൾ ലഘൂകരിക്കാനും സഹായിച്ചു. കൂടാതെ പ്രിന്റ് ചെയ്ത ബോഡിങ് പാസുകൾ ഒഴിവാക്കിയ ഈ സംരംഭം പദ്ധതിയുടെ ഭാഗമായ വിമാനത്താവളങ്ങളിൽ പ്രതിദിനം ആയിരക്കണക്കിന് കടലാസുകൾ ലാഭിക്കുകയും പരിസ്ഥിതി സുസ്ഥിരതയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. പത്തുകോടി ഉപയോഗമെന്ന നാഴികക്കല്ല് കൈവരിച്ച ഡിജി യാത്ര ടീമിനെ അഭിനന്ദിക്കുന്നതായി നേട്ടത്തെക്കുറിച്ച് സംസാരിച്ച കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു പറഞ്ഞു. സുഗമവും കടലാസ് രഹിതവും സമ്പർക്കരഹിതവുമായ യാത്രകളിൽ യാത്രക്കാരുടെ വർധിച്ചുവരുന്ന വിശ്വാസത്തിന്റെ പ്രതിഫലനമാണ് സംരംഭം. ഡിജിയാത്രയുടെ ഈ വലിയ സ്വീകാര്യത വളരെ നിർണായകമായ ഘട്ടത്തിലാണ്.




2014ൽ ശരാശരി 2 ലക്ഷത്തിൽ താഴെയായിരുന്ന പ്രതിദിന ആഭ്യന്തര യാത്രാ തിരക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പലതവണ 5 ലക്ഷം പരിധി പിന്നിട്ടു. വിമാനയാത്ര കൂടുതൽ പ്രാപ്യവും സൗകര്യപ്രദവുമാക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിന്റെ പിന്തുണയോടെ രാജ്യത്തെ വിമാനത്താവളങ്ങളിലെ വാർഷിക യാത്രാ തിരക്ക് 2030ഓടെ 50 കോടിയിലും 2040ഓടെ ഇരട്ടിയായി ഏകദേശം 100 കോടിയിലും എത്തിച്ചേരുമെന്നാണ് പ്രവചിക്കുന്നത്. ദ്രുതഗതിയിലെ ഈ വളർച്ച ഫലപ്രദമായി കൈകാര്യം ചെയ്യാൻ വിമാനത്താവള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഡിജി യാത്ര, സെൽഫ് ബാഗേജ് ഡ്രോപ്പ് സൗകര്യം, എയർ ട്രാഫിക് കൺട്രോൾ ഓട്ടോമേഷൻ സംവിധാനത്തിന്റെ വിപുലീകരണം, പരാതി പരിഹാരത്തിനായി ആവിഷ്കരിച്ച എയർസേവ പോർട്ടൽ, എഐ അധിഷ്ഠിത ഡിജിറ്റൽ ടിവിൻസ് തുടങ്ങി നിരവധി ഡിജിറ്റൽ സംവിധാനങ്ങൾ രാജ്യത്ത് നടപ്പാക്കി വരുന്നതായി അദ്ദേഹം അറിയിച്ചു. ബയോമെട്രിക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ യാത്രികരെ കടത്തിവിടുന്ന സംവിധാനം വിപുലമായി വിന്യസിക്കുന്നത് സംബന്ധിച്ച് പല രാജ്യങ്ങളും ഇപ്പോഴും വിലയിരുത്തുന്നതേയുള്ളൂവെന്നും അതേസമയം വളരെ ചുരുങ്ങിയ സമയത്തിനകം ഇന്ത്യ വിജയകരമായി ഡിജിയാത്ര പ്രവർത്തനക്ഷമമാക്കുകയും വ്യാപിപ്പിക്കുകയും ചെയ്തുവെന്നും ഭാവി കാഴ്ചപ്പാട് പങ്കുവെച്ച രാം മോഹൻ നായിഡു കൂട്ടിച്ചേർത്തു. നിലവിൽ 38 വിമാനത്താവളങ്ങളിൽ ഡിജി യാത്ര സൗകര്യം ലഭ്യമാണ്. അടുത്ത വർഷത്തോടെ 27 വിമാനത്താവളങ്ങളിൽ കൂടി ഇത് സജ്ജീകരിക്കും. ഈ വർഷം പ്രവർത്തനമാരംഭിക്കുന്ന പ്രമുഖ ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതികളായ നവി മുംബൈ, ജേവർ, ഭോഗാപുരം എന്നിവയെല്ലാം പൂർണമായി ഡിജി യാത്ര സൗകര്യത്തോടുകൂടിയായിരിക്കുമെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **ചാവറ കൾച്ചറൽ സെന്റർ :** സംവിധായകൻ ജോൺ എബ്രാം അനുസ്മരണം. വൈകിട്ട് 3.45ന് അഗ്രഹാരത്തിൽകഴുതെ എന്ന വിഖ്യാത സിനിമ പ്രദർശനം. എഴുത്തുകാരൻ കെ.എൻ.ഷാജി പ്രഭാഷണം നടത്തും.

### പിറവം

■ **മണീട് ഏഴക്കരനാട് ഗവ. യുപി സ്കൂൾ :** യുപിഎസ്ടി, ഹിന്ദി അധ്യാപക ഒഴിവുകളിലേക്കുള്ള അഭിമുഖം ഉച്ചയ്ക്ക് 2ന്.

### മുളന്തുരുത്തി

■ **ജിഎച്ച്എസ്എസ് മുളന്തുരുത്തി :** ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് താൽക്കാലിക അധ്യാപക ഒഴിവുകളിലേക്കുള്ള അഭിമുഖം ഉച്ചയ്ക്ക് 12ന്.

### കാഞ്ഞിരമറ്റം

■ **കാഞ്ഞിരമറ്റം പഴയ് പഞ്ചായത് വായനശാല ഹാൾ :** ആമ്പല്ലൂർ ഗ്രാമീണ വായനശാലയും എറണാകുളം കടവന്ത്ര ലോട്ടസ് ഐ ഹോസ്പിറ്റലും ചേർന്ന് സംഘടിപ്പിക്കുന്ന സൗജന്യ നേത്ര പരിശോധന ക്യാമ്പ് ഉച്ചയ്ക്ക് 1 ന്.

# ഭൂജലവകുപ്പിന് പുതിയ റിഗ്ഗ്; ഉമ തോമസ് എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്തു

**കൊച്ചി:** ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസിന് സർക്കാർ പുതുതായി അനുവദിച്ച റിഗ്ഗിന്റെ ഔദ്യോഗിക ഉദ്ഘാടനവും ഫ്ളാഗ് ഓഫ് കർമ്മവും ഉമ തോമസ് എംഎൽഎ നിർവഹിച്ചു. ജില്ലയിലെ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ചെറുകിട കുടിവെള്ള പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കാനും വകുപ്പിന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കാനും പുതിയ റിഗ്ഗ് ഉപകരിക്കുമെന്ന് എം.എൽ.എ പറഞ്ഞു. അശാസ്ത്രീയമായി കുഴൽക്കിണർ നിർമ്മിക്കുന്നത് തടയാനും വകുപ്പിന് നേരിട്ടു തന്നെ ഗുണനിലവാരമുള്ള പ്രവൃത്തികൾ നടത്താനും ചെറുകിട കർഷകർക്ക് സബ്സിഡിയോടുകൂടി കുഴൽക്കിണർ നിർമ്മിച്ചു നൽകുന്ന പദ്ധതി കൂടുതൽ വേഗത്തിലാക്കാനും പുതിയ റിഗ്ഗ് ഉപകരിക്കുമെന്ന് ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ഡോ. ആർട്ട്സ് കെ. പുരുഷോത്തം പറഞ്ഞു.


*ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസിന് പുതുതായി അനുവദിച്ച റിഗ്ഗ് ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

കാക്കനാട് ഭൂജലവകുപ്പ് ജില്ലാ ഓഫീസ് അങ്കണത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ തൃക്കാക്കര നഗരസഭ ചെയർമാൻ റാഷിദ് ഉള്ളംപിള്ളി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സി. റെജി, സീനിയർ ഹൈഡ്രോജിയോളജിസ്റ്റ് അനീഷ്. എം.അലി തുടങ്ങിയവർ പങ്കെടുത്തു ഭൂജലവകുപ്പിന്റെ സേവനങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ : 0484-2956331.

# കെ.വി.വി.ഇ.എസ്. എറണാകുളം ടൗൺ നോർത്ത്

**കൊച്ചി:** കെ.വി.വി.ഇ.എസ് എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് 2026- 2028 വർഷത്തേയ്ക്കുള്ള ഭാരവാഹികളായി ദീപു ജോസഫ് (പ്രസിഡന്റ്) ജംഷീർ വാഴയിൽ (ജനറൽ സെക്രട്ടറി) സൂരജ് പള്ളിക്കൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.


*കെ.വി.വി.ഇ.എസ് എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട ദീപു ജോസഫ് (പ്രസിഡന്റ്), ജംഷീർ വാഴയിൽ (സെക്രട്ടറി), സൂരജ് പള്ളിക്കൽ (ട്രഷറർ) എന്നിവർ.*

# നേത്രപരിശോധന ക്യാമ്പും ബോധവത്ക്കരണ ക്ലാസും നടത്തി

**പള്ളിക്കര :** പിണർ മുണ്ട മഹാത്മ കലാസാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ ഗുരുതര രോഗങ്ങളെ കുറിച്ച് ബോധവത്ക്കരണ ക്ലാസും നേത്ര പരിശോധന ക്യാമ്പും രക്തഗ്രൂപ്പ് നിർണ്ണയവും , ആരോഗ്യ പ്രവർത്തകരെയും , എസ്. എസ്. എൽ. സി , പ്ലസ്ടു വിജയികളെ ആദരിക്കലും പഠനോപകരണ വിതരണവും നടത്തി. പിണർ മുണ്ട റേഷൻ കടക്ക് സമീപമാണ് പരിപാടി. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, വാത്യായത്ത് ആശുപത്രി, അഹല്യ കണ്ണാശുപത്രി എന്നിവിടങ്ങളിലെ ഡോക്ടർമാർ പങ്കെടുക്കും. രാവിലെ ഡോ. നിജിൽ അബ്ദുൽ ജലാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

സമാപനം വി.പി സജീന്ദ്രൻ എം. എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എ.പി കുഞ്ഞ് മുഹമ്മദ് പങ്കെടുത്തു.

# ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു

**കൊച്ചി:** 2026-27 അധ്യയന വർഷ ബിരുദ കോഴ്സുകൾക്ക് കേരള യൂണിവേഴ്സിറ്റി ഓൺലൈൻ അപേക്ഷ ക്ഷണിച്ച സാഹചര്യത്തിൽ വിദ്യാർഥികളുടെ സംശയ നിവാരണത്തിനും ഓപ്ഷൻ രജിസ്ട്രേഷൻ സൗജന്യമായി നൽകുന്നതിനും ഹെല്പ് ഡെസ്ക് ഐ. എച്ച്. ആർ. ഡി യുടെ സി. എ. എസ് മാവേലിക്കരയിൽ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.ഫോൺ : 04792304494, 8547005046

# റീ-ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുവാറ്റുപുഴ ഐ.സി.ഡി.എസ് ഓഫീസിലേക്ക് വാടക അടിസ്ഥാനത്തിൽ കാർ/ജീപ്പ് ലഭ്യമാക്കുന്നതിന് റീ-ടെൻഡർ ക്ഷണിച്ചു. 12 വർഷത്തിൽ താഴെ പഴക്കമുള്ള, മികച്ച കണ്ടീഷനിലുള്ള സ്വന്തം ഉടമസ്ഥതയിലുള്ള വാഹനമായിരിക്കണം. ടെൻഡർ ഫോമുകൾ മിനി സിവിൽ സ്റ്റേഷനിലെ ഐ.സി.ഡി.എസ് ഓഫീസിൽ നിന്ന് ലഭിക്കും. ജൂൺ 12 ഉച്ചകഴിഞ്ഞു മൂന്നു വരെ ടെൻഡർ സമർപ്പിക്കാം. ഫോൺ : 0485-2814205.

# യാത്രയയപ്പ് നൽകി

**കൊച്ചി:** 30 വർഷത്തെ സേവനത്തിന് ശേഷം പോലീസിൽ നിന്ന് വിരമിക്കുന്ന റൂറൽ ജില്ലാ അഡിഷണൽ എസ്പി വി കെ രാജു, റൂറൽ ജില്ലാ ഡി സി ആർ ബി ഡിവൈഎസ്പി ഡോ. ആർ ജോസ് എന്നിവർക്ക് ജില്ലാ പോലീസ് ആസ്ഥാനത്ത് യാത്രയപ്പ് നൽകി. യാത്രയപ്പ് സമ്മേളനം ജില്ലാ പോലീസ് മേധാവി കെ എസ് സുദർശൻ ഉദ്ഘാടനം ചെയ്തു. മാനേജർ കെ കെ ഗിരീഷ് കുമാർ അധ്യക്ഷത വഹിച്ചു. ആലുവ ഡിവൈഎസ്പി എൻ. ബാബുക്കുട്ടൻ, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ബിജോയ് ചന്ദ്രൻ, ജയദേവകുമാർ, ഷൈജു പാലാട്ടി, ഷിബു ദേവരാജൻ തുടങ്ങിയവർ പ്രസംഗിച്ചു.



# കെൽട്രോൺ കോഴ്സുകൾക്ക് ഫീസ് ഇളവ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കോട്ടയം നോളജ് സെന്ററിൽ വിവിധ കോഴ്സുകൾക്ക് 10% ഫീസ് ഇളവ് പ്രഖ്യാപിച്ചു. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ എആർ, വിആർ & എംആർ; പോസ്റ്റ് ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; പോസ്റ്റ് ഡിപ്ലോമ ഇൻ എആർ, വിആർ & എംആർ; ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; ഡിപ്ലോമ ഇൻ എആർ, വിആർ ആൻഡ് എംആർ എന്നീ കോഴ്സുകൾക്ക് ജൂൺ 30 വരെയാണ് ഫീസ് ഇളവ് ലഭിക്കുക.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം കോട്ടയം നാഗമ്പടത്തുള്ള കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ : 6282841772, 8590118698, 0481 2304031.

# ഐ.എച്ച്.ആർ.ഡി സെന്ററിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ

**കൊച്ചി:** ഐ.എച്ച്.ആർ.ഡി സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ വിവിധ സാങ്കേതിക വിഷയങ്ങളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ ആരംഭിക്കുന്നു.

'എ.ഐ ആൻഡ് റോബോട്ടിക്സ്', 'ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് യൂസിങ് പൈത്തൺ ജാംഗോ', 'വെബ് ഡെവലപ്മെന്റ് യൂസിങ് ഫ്ളാസ്ക്', 'ഡാറ്റ സയൻസ് യൂസിങ് പൈത്തൺ' എന്നീ വിഷയങ്ങളിലാണ് ഇന്റേൺഷിപ്പിന് അവസരമൊരുക്കിയിരിക്കുന്നത്.

ജൂൺ 8 മുതലാണ് ഈ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് https://skillcentre.ihrd.ac.in എന്ന വെബ്സൈറ്റ് വഴി ഇതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ :-9495069307, 8547005087, 9400519491, 0471-2550612

# ചെല്ലാനം ടെട്രാപോഡ് കടൽഭിത്തിയുടെ രണ്ടാം ഘട്ട നിർമ്മാണം ഉടൻ ആരംഭിക്കണം: മുഹമ്മദ് ഷിയാസ് എം.എൽ.എ

**കൊച്ചി:** ചെല്ലാനം ടെട്രാപോഡ് കടൽഭിത്തിയുടെ രണ്ടാം ഘട്ട നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്ന് മുഹമ്മദ് ഷിയാസ് എം.എൽ.എ. കാക്കനാട് കളക്ടറേറ്റിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പുരോഗതി വിലയിരുത്താൻ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എത്രയും വേഗം നീക്കണമെന്നും അതിനായി ഉദ്യോഗസ്ഥർ വേണ്ട ഇടപെടലുകൾ നടത്തണമെന്നും എം.എൽ.എ പറഞ്ഞു. ചെല്ലാനം മുതൽ ഫോർട്ട് കൊച്ചി വരെയുള്ള തീരത്തിന്റെ സംരക്ഷണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി പുതിയ പദ്ധതി അവിഷ്കരിക്കണമെന്നും അതിന്റെ പദ്ധതി രേഖ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കണമെന്നും ഉദ്യോഗസ്ഥരോട് എം.എൽ.എ ആവശ്യപ്പെട്ടു.

കടലാക്രമണം നേരിടാൻ ചെല്ലാനം തീരത്ത് ജിയോ ബാഗുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക യോഗത്തിൽ അറിയിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ജല അതോറിറ്റി ഡയറക്ടർ പി. ബി നൂഹ്, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർഎന്നിവർ പങ്കെടുത്തു.



*ചെല്ലാനം ടെട്രാപോഡ് കടൽ ഭിത്തിയുടെ രാംഘട്ട നിർമാണത്തിന്റെ പുരോഗതി അവലോകനം ചെയ്യാൻ ചേർന്ന യോഗത്തിൽ എംഎൽഎ മുഹമ്മദ് ഷിയാസ്, ജില്ലാ കളക്ടർ ജി പ്രിയങ്ക, ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ പി.ബി നൂഹ് എന്നിവർ.*

# ദേശീയപാത നിർമ്മാണ അവശിഷ്ടങ്ങൾ ഉടൻ നീക്കം ചെയ്യണം: ജില്ലാ കളക്ടർ

**കൊച്ചി:** പറവൂർ മണ്ഡലത്തിൽ ദേശീയപാത നിർമ്മാണം പുരോഗമിക്കുന്ന മേഖലകളിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഉൾപ്പെടെയുള്ള നിർമ്മാണ അവശിഷ്ടങ്ങൾ അടിയന്തരമായി നീക്കം ചെയ്യണമെന്ന് ജില്ലാ കളക്ടർ ജി പ്രിയങ്ക നിർദ്ദേശിച്ചു. ജില്ലാ വികസന സമിതി (ഡിഡിസി) യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

മുഖ്യമന്ത്രി വി.ഡി. സതീശന്റെ പ്രതിനിധി യോഗത്തിൽ ഈ വിഷയം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്നാണിത്. ഡിഡിസിയിൽ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് 10 ദിവസത്തിനകം മറുപടി നൽകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടതായും പ്രതിനിധി അറിയിച്ചു.




*ഡി ഡി സി യോഗത്തിൽ ഷിബു തെക്കുംപുറം എംഎൽഎ, ജില്ലാ കളക്ടർ ജി പ്രിയങ്ക, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി ജേക്കബ്, ജില്ലാ പ്ലാനിംഗ് ഓഫീസർ ജി ഉല്ലാസ് എന്നിവർ.*

# സഹ്യസാനു പുരസ്കാരം നൽകി

**കൊച്ചി:** എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനും ഫേസ് ഫൗണ്ടേഷൻ ചെയർമാനുമായിരുന്ന പ്രൊഫ. എം.കെ സാനു മാഷിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സഹ്യസാനു പുരസ്കാര സമർപ്പണവും സാംസ്കാരിക സമ്മേളനവും നടന്നു.

സ്കൂൾ കുട്ടികൾക്കായി നടത്തിയ ചിത്രരചന മത്സരത്തിലെ വിജയിക്കാണ് സഹ്യസാനു പുരസ്കാരം വിതരണം ചെയ്തത്. പറവൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിനി ചൈതന്യ ചന്ദ്രനാണ് സഹ്യസാനു പുരസ്കാരത്തിന് അർഹയായത്. എൽ.പി.വിഭാഗത്തിൽ നിന്ന് നാലും, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്ന് രണ്ടും കുട്ടികൾ പ്രോത്സാഹന സമ്മാനത്തിന് അർഹരായി. എറണാകുളം എസ്.എൻ.വി സദനത്തിൽ സംഘടിപ്പിച്ച പുരസ്കാര വിതരണ സമ്മേളനത്തിൽ സദനം സെക്രട്ടറി എം.ആർ ഗീത അധ്യക്ഷത വഹിച്ചു. സാംസ്കാരിക സമ്മേളനം റോട്ടറി ഇന്റർനാഷണൽ മുൻ ഡിസ്റ്റിക് ഗവർണർ എസ്.രാജ് മോഹൻ നായർ ഉദ്ഘാടനം ചെയ്തു.

ആർട്ടിസ്റ്റ് കലാധരൻ മാസ്റ്ററെ ചടങ്ങിൽ ആദരിച്ചു. മുൻ വനിതാ കമ്മീഷൻ അംഗം മോനമ്മ കൊക്കാട് മുഖ്യപ്രഭാഷണം നടത്തി ഫേസ് പ്രസിഡന്റ് ടി. ആർ ദേവൻ, ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വക്കേറ്റ് സുനിൽ ഹരീന്ദ്രൻ. ഡോക്ടർ ലതാ നായർ, ബിനുരാജ് കലാപീഠം, ഡോക്ടർ മേരി അനിത, കുമ്പളം രവി, ലാൽ പ്രിയൻ, കെ.പി ശിവദാസ്, രഞ്ജിത്ത് എം എസ്, രതീഷ് ഹരിഹരൻ, കെ .പി മുരുകൻ നിനിൽകുമാർ, സ്മിത സംഗീത്, മഞ്ജു, ശ്രീരാഗം വാസുദേവൻ, എന്നിവർ പ്രസംഗിച്ചു.



*എറണാകുളം എസ്.എൻ.വി സദനത്തിൽ സംഘടിപ്പിച്ച സഹ്യസാനു പുരസ്കാര സമർപ്പണവും സാംസ്കാരിക സമ്മേളനവും റോട്ടറി ഇന്റർനാഷണൽ മുൻ ഡിസ്റ്റിക് ഗവർണർ എസ്. രാജ് മോഹൻ നായർ, ആർട്ടിസ്റ്റ് കലാധരൻ മാസ്റ്റർ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.*

# വന്യമൃഗശല്യം: ജൂൺ 8ന് മന്ത്രിയുമായി ചർച്ച

**കൊച്ചി:** കോതമംഗലം മേഖലയിലെ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് വനം വകുപ്പ് മന്ത്രി ഷിബു ബേബി ജോണുമായി ജൂൺ 8 ന് ചർച്ച നടത്തുമെന്ന് ഷിബു തെക്കുംപുറം എംഎൽഎ പറഞ്ഞു.

കോട്ടപ്പടി പഞ്ചായത്തിൽ നാശം സൃഷ്ടിക്കുന്ന കാട്ടാനയെ അടിയന്തരമായി പിടികൂടി മാറ്റുന്നതും, മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സ്ഥാപിച്ച സൗരോർജ്ജ തൂക്കുവേലിയുടെ അറ്റകുറ്റപ്പണികളും യോഗത്തിൽ ചർച്ച ചെയ്യുമെന്നും എംഎൽഎ വ്യക്തമാക്കി.

# കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന്

**കൊച്ചി:** കരുമാലൂർ, കുന്നുകര, ആലങ്ങാട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് എത്രയും വേഗം പരിഹാരം കാണണമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി വി. ഇ അബ്ദുൽ ഗഫൂറിന്റെ പ്രതിനിധി ആവശ്യപ്പെട്ടു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ്, ജില്ലാ പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അഭയകിരണം പദ്ധതി: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന 'അഭയകിരണം' പദ്ധതിയുടെ 2026-27 വർഷത്തെ അപേക്ഷകൾ ക്ഷണിച്ചു. അശരണരായ സ്ത്രീകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന ബന്ധുക്കൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. അർഹരായവർക്ക് www.schemes.wdc.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഡിസംബർ 15 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം ലഭിക്കും. സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതും, അവർ കുടുംബ പെൻഷനോ സർവ്വീസ് പെൻഷനോ കൈപ്പറ്റുന്നവരാകരുത്. കൂടാതെ, പ്രായപൂർത്തിയായ മക്കൾ ഉള്ളവർ പദ്ധതിക്ക് അർഹരല്ലെങ്കിലും, ഭിന്നശേഷിക്കാരായ അല്ലെങ്കിൽ മനോരോഗികളായ മക്കൾ ഉള്ളവരെ ഇതിനായി പരിഗണിക്കും.

സ്വന്തമായി താമസിക്കാൻ വീടോ സൗകര്യമോ ഉള്ളവരും, നിലവിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ താമസിക്കുന്നവരും ഈ ധനസഹായത്തിന് അർഹരല്ല. മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയവർക്ക് വീണ്ടും അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷാ നടപടികൾക്കായുള്ള യൂസർ മാനുവലിനും വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

കൂടാതെ, തൊട്ടടുത്തുള്ള ഐ.സി.ഡി.എസ് (ICDS) ഓഫീസുകളിൽ നിന്നോ അങ്കണവാടികളിൽ നിന്നോ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എൻപിസിഐഎൽ ഭാരത് ബിൽ പേ ഭാരത് കണക്കിനു കീഴിൽ പത്തു ലക്ഷം ഇ–ചെലാൻ ഇടപാടുകൾ പൂർത്തിയാക്കി

**കൊച്ചി:** നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ എൻപിസിഐ ഭാരത് ബിൽ പേ ഭാരത് കണക്കിനു കീഴിൽ പത്തു ലക്ഷം ഇ-ചെലാൻ ഇടപാടുകൾ എന്ന നാഴികക്കല്ലു പിന്നിട്ടു. ആകെ 60 കോടി രൂപ മൂല്യം വരുന്നതാണ് ഈ ഇടപാടുകൾ. ആന്ധ്രാ പ്രദേശ്, തെലുങ്കാന, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ഡൽഹി എന്നിവ അടക്കം നിരവധി സംസ്ഥാനങ്ങളിൽ ഇ-ചെലാൻ പണമടയ്ക്കലുകൾക്ക് ഭാരത് കണക്ട് ലഭ്യമാണ്. ട്രാഫിക് ചെലാനുകൾ പരിശോധിക്കാനും പണമടക്കാനും ഭാരത് കണക്ടിലെ ഇ ചെലാൻ വിഭാഗം ജനങ്ങൾക്ക് സൗകര്യം നൽകുന്നുണ്ട്.

ഈ സൗകര്യം ലഭ്യമാക്കുന്നതിൽ ആന്ധ്രാപ്രദേശാണ് ഏറ്റവും മുന്നിൽ നിൽക്കുന്നത്. തുടക്കം കുറിച്ചതു മുതൽ ഇതുവരെ ഏഴു ലക്ഷം ഇടപാടുകളാണ് അവിടെ നടത്തിയിട്ടുള്ളത്. ഭാരത് കണക്ടിലെ ഇ ചെലാൻ വിഭാഗം കൂടുതൽ ജനപ്രിയമായി വരികയാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ എൻബിബിഎൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. നൂപുർ ചതുർവേദി പറഞ്ഞു. പത്തു ലക്ഷം ഇടപാടുകൾ എന്ന നാഴികക്കല്ലു പിന്നിട്ടത് ഈ സംവിധാനത്തിൽ ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തെയാണ് പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ഹൃദയതാള വൈകല്യം ചർച്ച ചെയ്ത് കേരള ഹാർട്ട് റിഥം സൊസൈറ്റി സമ്മേളനം

**കണ്ണൂർ:** അതിനൂതന ചികിത്സാ സാങ്കേതിക വിദ്യകൾ ചർച്ച ചെയ്ത് കാർഡിയോളജിസ്റ്റുകളുടെയും കാർഡിയാക് ഇലക്ട്രോ ഫിസിയോളജിസ്റ്റുകളുടെ സംഘടനയായ കേരള ഹാർട്ട് റിഥം സൊസൈറ്റിയുടെ (കെ.എച്ച്.ആർ.എസ്) സംസ്ഥാന സമ്മേളനം പയ്യാമ്പലം കൃഷ്ണ ബീച്ച് റിസോർട്ടിൽ നടന്നു. കെ.എച്ച്.ആർ.എസ് പ്രസിഡന്റ് ഡോ. ഭീമ ശങ്കർ സമ്മേളനം ഉദ്ഘാടനം ചെയ്തു. അപകടകരമായ ഹൃദയതാള വൈകല്യങ്ങൾക്കും പെട്ടെന്നുള്ള ഹൃദയമരണത്തിനും സാധ്യതയുള്ളവരെ വളരെ നേരത്തേ തിരിച്ചറിയാൻ ഇന്ന് സാധിക്കുന്നുണ്ടെന്ന് ഡോ. ഭീമ ശങ്കർ പറഞ്ഞു. ജനിതക പരിശോധനകൾ, ആധുനിക ഇമേജിംഗ് സാങ്കേതിക വിദ്യകൾ, നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള അപകടസാധ്യതാ വിലയിരുത്തലുകൾ എന്നിവ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെ.എച്ച്.ആർ.എസ് വൈസ് പ്രസിഡന്റ് ഡോ. പ്രവീൺ ജി. പൈ, ഓർഗനൈസിങ് സെക്രട്ടറി ഡോ. മുകുന്ദ് എ. പ്രഭു, ജോയിന്റ് ഓർഗനൈസിങ്



സെക്രട്ടറി ഡോ. വിവേക് എസ്. നാരായൺ പിള്ള, സെക്രട്ടറി ഡോ. അനീസ് താജുദ്ദീൻ, ട്രഷറർ ഡോ. മീര ആർ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

# മഹീന്ദ്ര മാനുലൈഫ് മ്യൂചൽ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** സെബി പുതുതായി വിജ്ഞാപനം ചെയ്ത സ്പെഷലൈസ്ഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് വിഭാഗത്തിൽ ഉൾപ്പെടുത്തി എംപവർ എസ്ഐഎഫ് പദ്ധതി ആരംഭിക്കുന്നതായി മഹീന്ദ്ര മാനുലൈഫ് മ്യൂചൽ ഫണ്ട് പ്രഖ്യാപിച്ചു. പരമ്പരാഗത മ്യൂചൽ ഫണ്ട് നിക്ഷേപ തന്ത്രങ്ങൾക്കും ഉപരിയായുള്ള രീതിയിലാണ് ഈ വിഭാഗത്തിലെ പദ്ധതികളുടെ നിക്ഷേപമെന്ന് മഹീന്ദ്ര മാനുലൈഫ് ഇൻവെസ്റ്റ്മെന്റ് മാനേജുമെന്റ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അന്തോണി ഹെറെഡിയ പറഞ്ഞു. ദീർഘ, ഹ്രസ്വകാല സമീപനങ്ങൾ, ഡെറിവേറ്റീവ് അധിഷ്ഠിത തന്ത്രങ്ങൾ, നിക്ഷേപ പദ്ധതികൾ തയ്യാറാക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചുള്ള നീക്കം തുടങ്ങി നിക്ഷേപകർക്ക് തങ്ങളുടെ ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്ന രീതിയിലെ വൈവിധ്യമാർന്ന സമീപനങ്ങളും ഇതിലുണ്ടാകും. തങ്ങളുടെ നിക്ഷേപ പദ്ധതികൾ വിപുലീകരിക്കുന്നതിലെ നിർണായക ചുവടുവെപ്പാണ് ഈ പദ്ധതിയുടെ അവതരണമെന്ന് മഹീന്ദ്ര മാനുലൈഫ് ഇൻവെസ്റ്റ്മെന്റ് മാനേജുമെന്റ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അന്തോണി ഹെറെഡിയ പറഞ്ഞു.

# കെ എം എ: അൽജിയേഴ്സ് ഖാലിദ് പ്രസിഡന്റ്; ലേഖ ബാലചന്ദ്രൻ സെക്രട്ടറി





**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പൂവത്ത് ഇന്റർനാഷണൽ സ്ഥാപകനും ഉടമയുമായ അൽജിയേഴ്സ് ഖാലിദാണ് പുതിയ പ്രസിഡന്റ്. റെസിടെക് ട്രാൻസ്ഫോർമേഴ്സ് ആന്റ് സ്വിച്ച്ഗിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലേഖ ബാലചന്ദ്രൻ സെക്രട്ടറിയും വർമ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ ഹോണററി ട്രഷററുമാണ്.

മുൻ കമ്മിറ്റിയിൽ അൽജിയേഴ്സ് ഖാലിദ് സീനിയർ വൈസ് പ്രസിഡന്റും ലേഖ ബാലചന്ദ്രൻ ജോയിന്റ് സെക്രട്ടറിയും കെ അനിൽ വർമ ഹോണററി സെക്രട്ടറിയുമായിരുന്നു. ഓർഗാനിക്ക് ബിപിഎസ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ദിലീപ് നാരായണൻ സീനിയർ വൈസ് പ്രസിഡന്റും സികോൺസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. അനിൽ ജോസഫ് വൈസ് പ്രസിഡന്റുമാണ്. ആപ്റ്റീവ് കണക്ഷൻ സിസ്റ്റംസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കൺട്രി മാനേജിംഗ് ഡയറക്ടർ രമേഷ് നായരാണ് ഹോണററി ജോയിന്റ് സെക്രട്ടറി.

# ടിയ കണക്ടേഴ്സ് സ്റ്റാർട്ടപ്പ് സീരീസ്എ നിക്ഷേപ സമാഹരണത്തിൽ 77 കോടി നേടി

**കൊച്ചി:** പ്രതിരോധം, വ്യോമയാനം, ഇലക്ട്രിക് വാഹനങ്ങൾ, വ്യാവസായിക മേഖലകൾ എന്നിവയ്ക്കായി ഉയർന്ന നിലവാരത്തിലുള്ള കണക്ടിവിറ്റി, ഇന്റർകണക്ഷൻ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന ടിയ കണക്ടേഴ്സ് സീരീസ് എ ഫിംഗ് റൗണ്ടിൽ 77 കോടി രൂപ സമാഹരിച്ചു. ഐവിക്യാപ് വെഞ്ചേഴ്സിന്റെ നേതൃത്വത്തിൽ നടന്ന നിക്ഷേപ സമാഹരണത്തിൽ ജാംവാണ്ട് വെഞ്ചേഴ്സ്, 8ത വെഞ്ചേഴ്സ്, തിരഞ്ഞെടുത്ത എച്ച്.എൻ.ഐ. ഏയ്ഞ്ചൽ നിക്ഷേപകരും പങ്കാളികളായി. പുതിയതായി ലഭിച്ച നിക്ഷേപം നിർമ്മാണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഗവേഷണവികസന പ്രവർത്തനങ്ങളുടെ ശക്തിപ്പെടുത്തൽ, ഉൽപ്പന്ന എഞ്ചിനീയറിങ് ശേഷി വർധിപ്പിക്കൽ, ഓട്ടോമേഷനും സാങ്കേതികവിദ്യാ ഏകീകരണവും വേഗത്തിലാക്കൽ എന്നിവയ്ക്കായി വിനിയോഗിക്കുമെന്ന് കമ്പനി അറിയിച്ചു. ഇലക്ട്രിക് മൊബിലിറ്റി, എയ്റോസ്പേസ്, പ്രതിരോധം, ഏവിയോണിക്സ് തുടങ്ങിയ അതിവേഗ വളർച്ചയുള്ള മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാനും ഈ നിക്ഷേപം സഹായകമാകും.

ഈ നിക്ഷേപം കമ്പനിയുടെ വളർച്ചാ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണെന്ന് ടിയ കണക്ടേഴ്സിന്റെ സി.ഇ.ഒയും സഹസ്ഥാപകനുമായ അജിത് ശശിധരൻ പറഞ്ഞു. ഉൽപ്പാദന ശേഷിയും നവീകരണ പ്രവർത്തനങ്ങളും കൂടുതൽ ശക്തിപ്പെടുത്തി ആഗോള വിപണികളിലെ സാന്നിധ്യം വർധിപ്പിക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സാങ്കേതിക മികവും കൃത്യതയാർന്ന എൻജിനീയറിങ് ശേഷിയും കൊണ്ട് ടിയ കണക്ടേഴ്സ് പ്രതിരോധ, വ്യോമയാന, ഇലക്ട്രിക് മൊബിലിറ്റി മേഖലകളിൽ ശ്രദ്ധേയമായ സ്ഥാനം നേടിയിട്ടുണ്ടെന്നും ഇന്ത്യയിൽ നിന്ന് ആഗോള നിലവാരത്തിലുള്ള സാങ്കേതിക വിദ്യാധിഷ്ഠിത നിർമ്മാണ കമ്പനിയായി വളരാനുള്ള ശേഷി കമ്പനിക്കുണ്ടെന്നും ഐവിക്യാപ് വെഞ്ചേഴ്സ് പങ്കാളിയായ വിക്രം ഗുപ്തയും അഭിപ്രായപ്പെട്ടു.

# ട്രാവൽപോർട്ടും കോഗ്നിസെന്റും സഹകരിക്കുന്നു

**കൊച്ചി:** എഐ യുഗത്തിനായി ട്രാവൽ ടെക്നോളജിയെ കൂടുതൽ കാര്യക്ഷമമാക്കാൻ ട്രാവൽപോർട്ട്, കോഗ്നിസെന്റ്, ആന്ത്രോപിക് എന്നിവർ കൈകോർത്തു. ട്രാവൽപോർട്ടിന്റെ ട്രാവൽ റീട്ടെയിലിംഗ്, ഡിസ്ട്രിബ്യൂഷൻ പ്ലാറ്റ്ഫോമുകളിൽ സോഫ്റ്റ്‌വെയർ നിർമ്മാണം, പരിശോധന, പരിപാലനം എന്നിവ ആധുനികമാക്കുന്നതിനാണ് ഈ തന്ത്രപരമായ സഹകരണം. ആന്ത്രോപിക്കിന്റെ ക്ലോഡ് എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് യാത്രാ ബുക്കിംഗ് സംവിധാനങ്ങളെ കൂടുതൽ ബുദ്ധിപരവും വേഗമേറിയതുമായ സംവിധാനങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം.

യാത്രാ ഏജൻസികൾക്കും ട്രാവൽ മാനേജ്മെന്റ് കമ്പനികൾക്കും ടിക്കറ്റ് മാറ്റം, റീബുക്കിംഗ്, യാത്രാ തടസ്സങ്ങൾ മുൻകൂട്ടി കണ്ടെത്തൽ തുടങ്ങിയ സേവനങ്ങൾ കൂടുതൽ എളുപ്പമാക്കാനും ഉൽപ്പാദനക്ഷമത വർധിപ്പിക്കാനുമാണ് പുതിയ എഐ ഇക്കോസിസ്റ്റം സഹായിക്കുക.

# റബ്ബർ മേഖലയ്ക്ക് പ്രതീക്ഷയായി 'കേര പദ്ധതി'; ഹെക്ടറിന് 75,000 രൂപ പുനർനടീൽ സഹായം

**കൊച്ചി:** റബ്ബർ കർഷകർക്ക് സമാശ്വാസ പദ്ധതിയുമായി കൃഷി വകുപ്പ്. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയിലൂടെ പുനർ നടീൽ നടത്തുന്ന റബ്ബർ കർഷകർക്ക് ഹെക്ടറിന് 75000 രൂപ നിരക്കിൽ സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം ലഭ്യമാക്കുന്ന സ്കീമിലേക്ക് റബ്ബർ കർഷകർക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്.

ഉത്പാദനക്ഷമത കുറഞ്ഞ പഴയ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റി, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനും ഉയർന്ന ഉൽപാദനക്ഷമത കൈവരിക്കാനും കഴിയുന്ന പുതിയ ഇനങ്ങളാണ് കേര പദ്ധതിയിലൂടെ പ്രോത്സാഹിപ്പിക്കുന്നത്. സംസ്ഥാനത്ത് 30,000 ഹെക്ടർ വരെയായിരിക്കും ഇത്തരത്തിലുള്ള പുതുനടീലിന്റെ ലക്ഷ്യം. ഇതിലൂടെ ഏകദേശം 50,000 റബ്ബർ കർഷകർക്ക് നേരിട്ട് സാമ്പത്തിക സഹായം ലഭ്യമാക്കും. 25 സെന്റ് മുതൽ 5 ഹെക്ടർ വരെ റബ്ബർ കൃഷിയുള്ള ചെറുകർഷകർക്ക് പ്രത്യേക പ്രാധാന്യം നൽകിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആദ്യ വർഷം 55,000 രൂപയും രണ്ടാം വർഷം 20,000 രൂപയും എന്ന രീതിയിൽ ഓരോ കർഷകനും പരമാവധി 2 ഹെക്ടർ വരെയുള്ള റബ്ബർ പുനർനടീലിന് ധനസഹായം ലഭ്യമാകും. ധനസഹായത്തോടൊപ്പം കേര പദ്ധതിയുടെ ഭാഗമായുള്ള ശാസ്ത്രീയ കൃഷിമുറകളും പ്രകൃതി സൗഹൃദ കാലാവസ്ഥ അതിജീവന രീതികളും കർഷകർക്ക് കൈമാറും. മികച്ച ഇനങ്ങൾ ഉപയോഗിക്കുന്നതിനാൽ ദീർഘകാലത്തേക്ക് ഉത്പാദനം ലഭിക്കുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും. കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അത്യുല്പാദന റബ്ബർ തൈകൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് 30 അംഗീകൃത നഴ്സറികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് സ്കീമിൽ പിന്തുണയുൾപ്പെടുത്തിയിട്ടുണ്ട്. നല്ല തൈകൾ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഓരോ നഴ്സറിക്കും പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കുമെന്ന് കേര അറിയിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത കർഷകരെ റബ്ബർ ബോർഡിന്റെ സഹകരണത്തോടെ കേര സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലേക്ക് ക്ഷണിക്കും. യോഗ്യരായ കർഷകർക്ക് സഹായം ലഭ്യമാക്കുന്നതും, പുനർനടീൽ ശരിയായി നടപ്പാക്കുന്നതും ഉറപ്പാക്കാൻ കേരയുടെ ഫീൽഡ് ഓഫീസർമാർ നേരിട്ട് വഴി കാട്ടും. അപേക്ഷിക്കുമ്പോൾ തിരിച്ചറിയൽ രേഖ, ഫോട്ടോ, ബാങ്ക് പാസ്ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിയിടത്തിന്റെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കേരയുടെ റീജിയണൽ ഓഫീസുമായോ 9995297590 എന്ന നമ്പറിലോ ബന്ധപ്പെടണം. താൽപര്യമുള്ള കർഷകരും നേഴ്സറികളും കേര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടൽ വഴി അപേക്ഷിക്കാം: www.keraplantation.kerala.gov.in

KERA
Kerala Climate Resilient
Agri-Value Chain Modernization

# ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് പോളിസി ബസാറുമായി സഹകരിക്കുന്നു




**കൊച്ചി:** ഏജീസ് ഫെഡറൽ ലൈഫ് ഇൻഷൂറൻസ് ഡിജിറ്റൽ വിതരണത്തിന് പോളിസി ബസാറുമായി തന്ത്രപരമായ സഹകരണം ആരംഭിച്ചു. ഏജീസ് ഫെഡറൽ ലൈഫ് ഇൻഷൂറൻസിന്റെ ഡിജിറ്റൽ വിതരണം ശക്തമാക്കുകയും ബ്രാൻഡിന്റെ ഇൻഷൂറൻസ് സേവനങ്ങൾ ഇന്ത്യയിലെ അതിവേഗം വളരുന്ന ഡിജിറ്റൽ തൽപരരായ ഉപഭോക്താക്കൾക്ക് സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലൂടെ ലഭ്യമാക്കുകയുമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്ന് ഏജീസ് ഫെഡറൽ ലൈഫ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ജൂഡ് ഗോംസ് പറഞ്ഞു.

ഏജീസ് ഫെഡറലിന്റെ സേവിങ്സ്, മാജിക് സേവിങ്സ് പതാകവാഹക പദ്ധതികളും അതിനു തുടർച്ചയായി ടേം, യൂലിപ് പദ്ധതികളും ലഭ്യമാക്കി പരിരക്ഷ, സമ്പാദ്യം, സമ്പത്തു സൃഷ്ടിക്കൽ എന്നിവയുടെ സമ്പൂർണമായ നിര ഇതിലൂടെ അവതരിപ്പിക്കും. ഈ പദ്ധതികൾ പോളിസി ബസാറിന്റെ സംവിധാനത്തിലൂടെ പരിശോധിക്കാനും വിലയിരുത്താനും സുഗമമായി ഓൺലൈനായി വാങ്ങാനും സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# ഫാസ്റ്റ്ട്രാക്ക് പെർഫ്യൂംസ് 'ക്യാരി യുവർ വൈബ്' അവതരിപ്പിച്ചു

**കൊച്ചി:** ഫാസ്റ്റ്ട്രാക്ക് പെർഫ്യൂംസ് ജെൻ സി ഉപഭോക്താക്കൾക്കായി രൂപകൽപ്പന ചെയ്ത സവിശേഷ പെർഫ്യൂം ഡിസ്കവറി കിറ്റായ 'ക്യാരി യുവർ വൈബ്' വിപണിയിലവതിപ്പിച്ചു.

പെർഫ്യൂമുകളുടെ ഉപയോഗത്തെ പുനർനിർവചിക്കുന്ന ഉത്പന്നമാണ് 'ക്യാരി യുവർ വൈബ്'. ഈ സവിശേഷമായ പെർഫ്യൂം ഡിസ്കവറി കിറ്റ്, ഒരു മനോഹരമായ ബാഗ് ചാം ആയും ഉപയോഗിക്കാവുന്നതാണ്. സുഗന്ധം എന്നത് ശരീരത്തിൽ ഉപയോഗിക്കാൻ മാത്രമുള്ളതല്ല, മറിച്ച് സ്റ്റൈലായി കൊണ്ടുനടക്കാൻ കൂടിയുള്ളതാണെന്ന് 'ക്യാരി യുവർ വൈബ്' വ്യക്തമാക്കുന്നു. പെർഫ്യൂം ഉപയോഗവും ശൈലിയും തമ്മിലുള്ള അതിർവരമ്പുകൾ മായ്ച്ചുകളയുന്ന 'ക്യാരി യുവർ വൈബ്', ദൈനംദിന ജീവിതത്തിന് തികച്ചും അനുയോജ്യമായ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

ബാഗിലോ താക്കോൽ കൂട്ടത്തിലോ മറ്റേതെങ്കിലും ആക്സസറികളിലോ ഇത് എളുപ്പത്തിൽ കൊളുത്തിയിടാം. ഇഷ്ട സുഗന്ധം എപ്പോഴും വിരൽത്തുമ്പിൽ തന്നെയുണ്ടെന്ന് ഒതുക്കമുള്ള ഈ സവിശേഷ ഉൽപ്പന്നം ഉറപ്പാക്കുന്നുവെന്ന് ടൈറ്റൻ കമ്പനിയുടെ ഫ്രാഗ്രൻസസ് ആൻഡ് ഫാഷൻ ആക്സസറീസ് സി.ഇ.ഒ. മനീഷ് ഗുപ്ത പറഞ്ഞു.

# മത്സ്യസംസ്കരണ മാലിന്യങ്ങളിൽ നിന്ന് പരിസ്ഥിതി സൗഹൃദ ഭക്ഷ്യ പാക്കേജിംഗ് ഫിലിം

**കൊച്ചി:** ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ICAR-CIFT)യിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ച 'ആന്റി ഓക്സിഡേറ്റീവ് ബയോകോംപോസിറ്റ് ഫിലിം ആൻഡ് എ പ്രോസസ് ഫോർ ഇറ്റ്സ് പ്രിപറേഷൻ' എന്ന കണ്ടുപിടിത്തത്തിന് പേറ്റന്റ് ലഭിച്ചു.

കൈറ്റോഒലിഗോസാക്കറൈഡ്, കൈറ്റോസാൻ, ജെലറ്റിൻ തുടങ്ങിയ ജൈവസൗഹൃദവും ജൈവവിലയം പ്രാപിക്കുന്ന ഘടകങ്ങളും ഉൾപ്പെടുത്തി വികസിപ്പിച്ച ഈ ബയോഫംഗ്ഷണൽ കോംപോസിറ്റ് ഫിലിം, മത്സ്യചെമ്മീൻ സംസ്കരണ മാലിന്യങ്ങളുടെ മൂല്യവർധിത ഉപയോഗത്തിനും പരിസ്ഥിതി സൗഹൃദ ഭക്ഷ്യ പാക്കേജിംഗ് സാങ്കേതികവിദ്യകൾക്കും പുതിയ വഴിതുറക്കുന്നു.

# ദുബായ് കുനാഫ–പിസ്ത ക്രീം ക്രോസന്റ് അവതരിപ്പിച്ച് ബ്രിട്ടാനിയ ട്രീറ്റ് ക്രോസന്റ്




**കൊച്ചി:** ബ്രിട്ടാനിയ ട്രീറ്റ് ക്രോസന്റ് 'ദുബായ് കുനാഫ-പിസ്ത ക്രീം ക്രോസന്റ്' വിപണിയിലെത്തിച്ചു. ആഗോളതലത്തിൽ ശ്രദ്ധ നേടിയ ദുബായ് കുനാഫ രുചിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഈ ഉൽപ്പന്നത്തിൽ, മൃദുവായ പാളികളോടുകൂടിയ സോർഡോ ക്രോസന്റിനൊപ്പം യഥാർത്ഥ പിസ്ത ഉപയോഗിച്ച് തയ്യാറാക്കിയ ക്രീം ഫില്ലിംഗാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൊച്ചി ലുലു ഹൈപ്പർ മാർക്കറ്റിൽ നടന്ന ചടങ്ങിൽ ബ്രിട്ടാനിയ ചീഫ് മാർക്കറ്റിംഗ് ഓഫിസർ പുനീത് ദാസ് ആണ് ഉത്പന്നം വിപണിയിലിറക്കിയത്. ആഗോള രുചിയും പരിചിതമായ ക്രോസന്റ് അനുഭവവും ഒരുമിപ്പിക്കുന്ന രീതിയിലാണ് ഉൽപ്പന്നം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പ്രീമിയം സ്നാക്കുകൾ തേടുന്ന ഉപഭോക്താക്കളെ മുൻനിർത്തിയാണ് ഇത് അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു. ദുബായ് കുനാഫ-പിസ്ത ക്രീം ക്രോസന്റിലൂടെ ആഗോള രുചിയുടെ പുതുമയും ക്രോസന്റിന്റെ പരിചിതമായ സ്വാദും ഒരുമിപ്പിക്കാനാണ് ഞങ്ങൾ ശ്രമിച്ചതെന്ന് ബ്രിട്ടാനിയ ചീഫ് മാർക്കറ്റിംഗ് ഓഫീസർ പുനീത് ദാസ് പറഞ്ഞു.

# സിൻടെക്സ് ട്രൂപഫ് ഇൻസുലേറ്റഡ് വാട്ടർ ടാങ്ക് പുറത്തിറക്കി




**കൊച്ചി:** രാജ്യത്തെ പ്രമുഖ ജലസംഭരണ ബ്രാൻഡായ സിൻടെക്സ് ഉയർന്ന താപനിലയെ നേരിടാൻ ഇന്ത്യയിലെ ആദ്യത്തെ യഥാർത്ഥ ഇൻസുലേറ്റഡ് വാട്ടർ ടാങ്കായ 'ട്രൂപഫ്' പുറത്തിറക്കി. 50 എംഎം പോളിയുറിഥേൻ ഫോം ഇൻസുലേഷൻ ഉപയോഗിച്ചുള്ള ഈ ടാങ്ക് കടുത്ത ചൂടിലും വെള്ളത്തിന്റെ താപനില സ്ഥിരതയോടെ നിലനിർത്താൻ സഹായിക്കുന്നു.

100 ശതമാനം വിർജിൻ ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച ട്രൂപഫ്, വെള്ളത്തെ കൂടുതൽ ശുചിത്വപരവും സുരക്ഷിതവുമാക്കുന്നു. ആന്റിമൈക്രോബിയൽ ഗുണങ്ങളും അൾട്രാവയലറ്റ് സംരക്ഷണവും പായൽ, ദുർഗന്ധം തുടങ്ങിയ പ്രശ്നങ്ങൾ തടയാൻ സഹായിക്കുന്നു.

15 വർഷത്തെ വാറന്റിയോടുകൂടി ലഭ്യമാകുന്ന ട്രൂപഫ് വീടുകൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ വിശ്വസനീയ ജലസംഭരണ പരിഹാരമാണെന്ന് സിൻടെക്സ് അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പുത്തൻ ലുക്കും പുത്തൻ ഫീച്ചറുകളുമായി ടാറ്റ ടിയാഗോ



**കൊച്ചി:** ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് 'നെക്സ്റ്റ് ജെൻ ടിയാഗോ' വിപണിയിലിറക്കി. കോസ്മെറ്റിക് അപ്ഡേറ്റുകളോടെ ഫെയ്സ്ലിഫ്റ്റ് ചെയ്ത പതിപ്പുകളാണ് പുറത്തിറക്കിയത്. പെട്രോൾ, പെട്രോൾ പ്ലസ് സിഎൻജി (ബൈഫ്യൂവൽ), ഇലക്ട്രിക് എന്നിവയുൾപ്പെടെ എല്ലാ ഇന്ധന ഓപ്ഷനുകളിലും അപ്ഡേറ്റ് ചെയ്ത പതിപ്പുകൾ പുറത്തിറക്കിയിട്ടുണ്ട്. ഐസിഇ പതിപ്പിന് വെറും 4.69 ലക്ഷവും, ഇലക്ട്രിക് പതിപ്പിന് 6.99 ലക്ഷവുമാണ് പ്രാരംഭ വില.

പുതിയ ലുക്ക്, മികച്ച സാങ്കേതികവിദ്യ , വിപുലമായ ചോയ്സുകൾ , സാമ്പത്തിക ലാഭം, മികച്ച സുരക്ഷ എന്നിവ സമന്വയിപ്പിച്ചുകൊണ്ട് ഈ സെഗ്മെന്റിൽ വലിയൊരു കുതിച്ചുചാട്ടമാണ് നെക്സ്റ്റ് ജെൻ ടിയാഗോ നടത്തുന്നത്.

ഭാവി മുൻകൂട്ടി കണ്ടുകൊണ്ടുള്ള പൊതുവായ ഡിസൈൻ ഫിലോസഫിയിലാണ് നെക്സ്റ്റ് ജെൻ ടിയാഗോയുടെ ഐസിഇ, ഇലക്ട്രിക് വേരിയന്റുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് വൈവിധ്യമാർന്നതും ആകർഷകവുമായ നിറങ്ങളിൽ ഇവ ലഭ്യമാണ്. ഡ്യുവൽ ടോണുള്ള വാരണാസി വൈബ്രൻസ്, പാംഗോങ് പൾസ്, സോബോ സർജ്, പ്യുവർ ഗ്രേ, ഡേറ്റോണ ഗ്രേ, പ്രിസ്റ്റൈൻ വൈറ്റ് എന്നിവയുൾപ്പെടെ ആറ് ഡ്യുവൽ ടോൺ കളർ ഓപ്ഷനുകളിലാണ് ഈ ഹാച്ച്ബാക്കിന്റെ ICE പതിപ്പുകൾ ലഭ്യമാവുക. അതേസമയം ഇലക്ട്രിക് പതിപ്പുകൾ പ്യുവർ ഗ്രേ, ഡേറ്റോണ ഗ്രേ, പ്രിസ്റ്റൈൻ വൈറ്റ് എന്നീ മൂന്ന് ഡ്യുവൽ ടോൺ നിറങ്ങളിൽ ലഭ്യമാവും. എല്ലാ മോഡലുകളുടെയും ബുക്കിങ് കമ്പനി ആരംഭിച്ചിട്ടുണ്ട്.

# ഹിമാലയ ബേബി കെയർ 'ഗോൾഡൻ ബേബി ഗിഫ്റ്റ് പാക്ക്' വിപണിയിൽ

**കൊച്ചി:** ഹിമാലയ വെൽനെസ്സ് കമ്പനിയുടെ 'ഹിമാലയ ബേബി കെയർ ഗോൾഡൻ ബേബി ഗിഫ്റ്റ് പാക്ക് പുറത്തിറക്കി. പാരമ്പര്യവും ആധുനിക ശിശു പരിപാലനവും സംയോജിപ്പിച്ചാണ് ഗിഫ്റ്റ് പാക്ക് അവതരിപ്പിച്ചിരിക്കുന്നത്. 501 രൂപ വിലയുള്ള ഗിഫ്റ്റ് പാക്കിൽ ജെന്റിൽ ബേബി സോപ്പ്, ബേബി ലോഷൻ, ബേബി പൗഡർ, ബേബി മസാജ് ഓയിൽ, ജെന്റിൽ ബേബി ഷാംപൂ എന്നിവ ഉൾപ്പെടുന്നു.

മൃദുവായ ചർമ്മ സംരക്ഷണം മുൻനിർത്തിയാണ് ഉൽപ്പന്നങ്ങൾ തയ്യാറാക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.
ഇതോടനുബന്ധിച്ച് 'ഹിമാലയ ഗോൾഡൻ മൊമെന്റ്സ്' പ്രോഗ്രാമും അവതരിപ്പിച്ചു.
ഇതിന്റെ ഭാഗമായി കുഞ്ഞിന്റെ നല്ല മുഹൂർത്തങ്ങൾ ചെറു കുറിപ്പിനൊപ്പം അപ്‌ലോഡ് ചെയ്യുന്ന മാതാപിതാക്കൾക്ക് ഒരു ലക്ഷം രൂപയുടെ സ്വർണ വൗച്ചറും 10,000 രൂപയുടെ വെള്ളി വൗച്ചറും നേടാനുള്ള അവസരമുണ്ട്.
പങ്കെടുക്കുന്നവർക്ക് 500 രൂപ വിലവരുന്ന 'മൈ ബേബി ആൻഡ് മീ' ഇബുക്കും ലഭിക്കും. റീട്ടെയിൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾക്കൊപ്പം ക്യൂ ആർ കോഡു വഴിയും 'ഗോൾഡൻ മൊമെന്റ്സ്' പ്രോഗ്രാം വ്യാപിപ്പിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# എംജി മജസ്റ്റർ ഇന്ത്യയിൽ അവതരിപ്പിച്ചു



**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ ഡി പ്ലസ് എസ്.യു.വി ആയ മജസ്റ്റർ പുറത്തിറക്കി എം.ജി മോട്ടോർ ഇന്ത്യ. കൂടുതൽ പ്രീമിയം അനുഭവവും മികച്ച പ്രകടനവും കാഴ്ചവെക്കുന്ന വാഹനത്തിന് 40.99 ലക്ഷം രൂപയാണ് എക്സ് ഷോറൂം വില. മജസ്റ്ററിന്റെ 44 പതിപ്പിന്റെ എക്സ്ഷോറൂം വില 44.99 ലക്ഷം രൂപയാണ്. 2.0 ലിറ്റർ ഫോർ സിലിണ്ടർ ടിൻ ടർബോ ഡീസൽ എൻജിനാണ് മജസ്റ്ററിന് കരുത്തേകുന്നത്. 215.5 എച്ച്പി പവറും 478.5 എൻഎം ടോർക്കുമായിരിക്കും ഈ എൻജിൻ ഉത്പാദിപ്പിക്കുന്ന കരുത്ത്.

എട്ട് സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സാണ് മജസ്റ്ററിൽ ട്രാൻസ്മിഷൻ ഒരുക്കുന്നത്. ഫോർ വീൽഡ്രൈവ് സംവിധാനം ഉൾപ്പെടെയുള്ളവയും മജസ്റ്ററിന്റെ കരുത്ത് വർധിപ്പിക്കും. ഓഫ് റോഡ് യാത്രകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മൂന്ന് ഡിഫറൻഷ്യൽ ലോക്കും ഇതിലുണ്ട്. പേൾ വൈറ്റ്, കോൺക്രീറ്റ് ഗ്രേ, മെറ്റൽ ബ്ലാക്ക്, മെറ്റൽ ആഷ് എന്നീ നാല് കളർ ഓപ്ഷനുകളിൽ മജസ്റ്റർ ലഭ്യമാണ്. ലെവൽ 2 അഡാസ് സുരക്ഷയാണ് വാഹനമൊരുക്കുന്നത്. 360 ഡിഗ്രി ക്യാമറ, പാർക്കിങ് സെൻസറുകൾ, ഇലക്ട്രോണിക് പാർക്കിങ് ബ്രേക്ക്, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, വലിയ ഇൻഫോടെയ്ൻമെന്റ് ടച്ച് സ്ക്രീൻ, ഡിജിറ്റൽ ഡ്രൈവർ ഡിസ്പ്ലേ, വയർലെസ് ആൻഡ്രോയ്ഡ് ഓട്ടോ ആൻഡ് ആപ്പിൾ കാർപ്ലേ, വയർലസ് ഫോൺ ചാർജർ, പനോരമിക് സൺറൂഫ്, ഹീറ്റഡ് കൂൾഡ് സൗകര്യങ്ങളും മസാജ് ഫീച്ചറുകളുമുള്ള ഡ്രൈവർ സീറ്റ്, ത്രീസോൺ ക്ലൈമറ്റ് കൺട്രോൾ, 12 സ്പീക്കർ ഓഡിയോ സിസ്റ്റം, ഇലക്ട്രിക് ടെയിൽഗേറ്റ് എന്നിവയാണ് ഇന്റീരിയറിലുള്ളത്.


